2011 ഖുത്ബ നമ്പർ-03

بسم الله الرحمن الرحيم

**21.01.2011**
ബൈതുൽ ഫുതൂഹ്
ലണ്ടൻ

# പ്രവാചകചര്യ ജീവിതത്തിൽ പകർത്തുക. ലോകം തിരുദൂതരെ സ്നേഹിക്കും.

ഇക്കാലത്ത് പത്രമാധ്യമങ്ങളിലും ഇലക്ട്രോണിക് മീഡിയകളായ ഇന്റർനെറ്റിലും മറ്റും മുസ്‌ലിം അമുസ്‌ലിം ലോകത്ത് ഒരു വിഷയം വളരെയധികം ചർച്ചചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. അത് പ്രവാചകന്റെ അഭിമാന സംരക്ഷണവും പ്രവാചക നിന്ദയും സംബന്ധിച്ചുള്ളതാണ്. ഹദ്റത്ത് ആദംؑ മുതൽ തിരുനബിﷺ വരെയുള്ള പ്രവാചകന്മാരെ വിശ്വസിക്കുന്ന ഒരു യഥാർത്ഥ മുസ്‌ലിമിനെ സംബന്ധിച്ചിടത്തോളം ഏതെങ്കിലും ഒരു പ്രവാചകനെ, അല്ലാഹു അയച്ച ഒരു വരിഷ്ഠ ദാസനെ അവഹേളിക്കുക എന്നതും അദ്ദേഹത്തെ നിന്ദിക്കുക എന്നതും അസ്വസ്ഥത ഉണ്ടാക്കുന്നതാണ്. എന്നാൽ ഖാത്തമുൽ അമ്പിയാ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ ﷺ യുടെ വ്യക്തിത്വത്തെക്കുറിച്ചാണെങ്കിൽ, ആ മഹാത്മാവിനെ അല്ലാഹു പ്രവാചക ശ്രേഷ്ഠനാക്കുകയും ചെയ്തിരിക്കെ ഒരു സത്യ മുസ്‌ലിം തീർച്ചയായും അസ്വസ്ഥനാകുന്നു. അവൻ തന്റെ ശിരച്ഛേദത്തിന് തയ്യാറാകുമെങ്കിലും തന്റെ മക്കളെ തന്റെ കൺമുമ്പിൽ വധിക്കപ്പെടുന്നത് കണ്ട് സഹിച്ചേക്കാമെങ്കിലും, തന്റെ സമ്പത്ത് തന്റെ കൺമുമ്പാകെ കൊള്ളയടിക്കുന്നത് കണ്ട് സഹിക്കുമെങ്കിലും തന്റെ യജമാനനും നേതാവുമായ പ്രവാചകനെ നിന്ദിക്കുന്നത് കേട്ടിരിക്കുന്നതിരിക്കട്ടെ, തിരുനബിക്കെതിരിൽ അപമര്യാദയുള്ള ഒരു വാക്ക് പോലും കേൾക്കുന്നത് അവന് സഹിക്കാൻ സാധിക്കുകയില്ല.

ഞാൻ പറഞ്ഞതുപോലെ മുസ്‌ലിം ലോകത്ത്, പ്രത്യേകിച്ച് പാക്കിസ്ഥാനിൽ ചില പ്രശ്നങ്ങൾ കാരണം ഈ വിഷയം അതിന്റെ ദിശമാറി ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു. ഇതുകാരണം ലോകദൃഷ്ടി പാക്കിസ്ഥാനിൽ കേന്ദ്രീകരിച്ചിരിക്കുകയാണ്. മറ്റു കാരണങ്ങളെല്ലാം ഉണ്ടെങ്കിൽ തന്നെയും ഇതാണ് ഒരു സുപ്രധാന കാരണം. പാശ്ചാത്യ നാടുകളിലെ ചില രാഷ്ട്രനേതാക്കന്മാരും പോപ്പും ഇതുമായി ബന്ധപ്പെട്ടുകൊണ്ട് പാക്കിസ്ഥാൻ ഗവൺമെന്റിനോട് പല ആവശ്യങ്ങളും ഉന്നയിച്ചിരിക്കുകയാണ്.

ഇന്ന് പാശ്ചാത്യനാടുകളിലെ അഥവാ വികസിത രാഷ്ട്രങ്ങളിലെ പത്രമാധ്യമങ്ങൾ മുസ്‌ലിംകളെയും ഇസ്‌ലാമിനെയും ഭീകരവും ത്രീവ്രവാദവും, ക്ഷമാശീലം തൊട്ടുതീണ്ടിയിട്ടില്ലാത്തതുമായ ഒരു സമൂഹവും മതവുമായി ചിത്രീകരിച്ചുകൊണ്ടിരിക്കുകയാണ്. ലോകം പാക്കിസ്താൻ, അഫ്ഗാനിസ്ഥാൻ അതുപോലുള്ള മറ്റു ചില രാഷ്ട്രങ്ങളെ വളരെയധികം എടുത്ത് പറഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്നു. പ്രവാചകന്റെ അഭിമാന സംരക്ഷണത്തിനായി നിർമ്മിക്കാൻ പോകുന്ന നിയമത്തിന് മുസ്‌ലിംകൾക്കിടയിൽ എത്രമാത്രം പ്രസക്തി ഉണ്ടെന്നോ, അത് ഏതു രീതിയിലുള്ള നിയമമായിരിക്കണമെന്നോ, അതു ദുരുപയോഗം ചെയ്തുകൊണ്ട് അമുസ്‌ലിം രാഷ്ട്രങ്ങൾ എന്തെല്ലാം നേട്ടങ്ങൾ കൊയ്യുന്നുണ്ടെന്നോ, മുസ്‌ലിംകളുടെ വികാരത്തെ പ്രകോപിപ്പിച്ചുകൊണ്ട് ലോകത്ത് അന്യർ എന്ത് ചെയ്യുന്നുണ്ടെന്നോ ഒന്നും ഞാനിപ്പോൾ പറയാൻ ഉദ്ദേശിക്കുന്നില്ല. ഞാനിന്ന് പറയാൻ ആഗ്രഹിക്കുന്നത് ഇത്രമാത്രമാണ്: എന്റെ നേതാവും യജമാനനുമായ മുഹമ്മദ് മുസ്തഫാﷺയുടെ അഭിമാനത്തിന് ക്ഷതമേൽപ്പിക്കാനായി ആരെങ്കിലും ഒരു ചെറുവിരൽ അനക്കുകയാണെങ്കിൽ അവർ ഓർത്തിരിക്കുക അല്ലാഹുവിന്റെ **ഇന്നാ കഫൈനാക്കൽ മുസ്തഹ്സിഊൻ** പരിഹസിക്കുന്നവരെ നേരിടാൻ നാം മതിയായവനാണെന്ന കൽപനപ്രകാരം അവർ അല്ലാഹുവിന്റെ പിടിത്തത്തിൽ വരുന്നതാണ്. അവരുടെ ഈ ലോകവും പരലോകവും അവർ നശിപ്പിക്കുന്നതാണ്. എന്റെ ഇരുലോക യജമാനൻﷺന്റെ സ്ഥാന മഹാത്മ്യം എത്രമാത്രമെന്നാൽ അല്ലാഹു തആലാ അദ്ദേഹത്തിന്റെ അഭിമാനത്തെ ഓരോ നിമിഷവും സംരക്ഷിച്ചുവരുന്നു. ആ സ്ഥാനമഹാത്മ്യത്തിന്റെ ഔന്നത്യത്തിലേക്ക് മനുഷ്യചിന്തക്ക് പോലും ചെന്നെത്താൻ സാധ്യമല്ല. തിരുനബിﷺയുടെ സ്ഥാനവും, തിരുദൂതരുടെ പദവിയും പുണ്യദൂതരുടെ അഭിമാനവും ഓരോ നിമിഷവും ഉയർത്തിക്കൊണ്ടിരിക്കും എന്നതിനെക്കുറിച്ച് വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു.

إِنَّ اللّٰهَ وَمَلٰٓئِكَتَهٗ يُصَلُّوْنَ عَلَى النَّبِيِّ

അല്ലാഹുവും മലക്കുകൾ അഖിലവും നബിതിരുമേനിയിൽ സ്വലാത്ത് അയച്ചുകൊണ്ടിരിക്കുന്നു. ഇതാണ് തിരുദൂതരുടെ സ്ഥാനമഹിമ. ഇത് അദ്ദേഹത്തിന് മാത്രം അർഹതപ്പെട്ടാതാണ്. ഇങ്ങനെയുള്ള പദം മറ്റൊരു പ്രവാചകനുവേണ്ടിയും അല്ലാഹു പ്രയോഗിച്ചിട്ടില്ല. തിരുനബിയുടെ ഈ മഹിതസ്ഥാനത്തെ ഇക്കാലത്ത് മനസ്സിലാക്കിയത് തിരുദൂതരുടെ യഥാർത്ഥ പ്രേമിയായ ഹദ്റത്ത് മസീഹ് മൗഊദ്ؑ ആണ്. ആ സ്ഥാനം ആ മഹാത്മാവ് നമുക്ക് പറഞ്ഞുതന്നിരിക്കുന്നു.

ഒരു സ്ഥലത്ത് പറയുന്നു. ''നമ്മുടെ നേതാവും യജമാനനുമായ ഹദ്റത്ത് മുഹമ്മദ് റസൂലുല്ലാഹ് ﷺ തിരുമേനിയുടെ സത്യനിഷ്ഠയും ആത്മാർത്ഥതയും നോക്കുക. അവിടന്ന് നാനാതരം വ്യാജപ്രസ്ഥാനങ്ങൾക്കെതിരിലും പടപൊരുതി. എന്തെന്തെല്ലാം പ്രയാസങ്ങളും ബുദ്ധിമുട്ടുകളുമാണ് അവിടന്ന് സഹിച്ചത്. എന്നാൽ അതൊന്നും തന്നെ ഗൗനിച്ചില്ല. ഈ സത്യനിഷ്ഠയും ആത്മാർത്ഥസമർപ്പണവുമായിരുന്നു അല്ലാഹു ഫള്ൽ ചെയ്യാൻ കാരണമായത്. അതുകൊണ്ട്തന്നെയാണ് അല്ലാഹു തആല പറഞ്ഞത്

إِنَّ اللّٰهَ وَمَلٰٓئِكَتَهٗ يُصَلُّوْنَ عَلَى النَّبِيِّ ۚ يٰٓاَيُّهَا الَّذِيْنَ اٰمَنُوْا صَلُّوْا عَلَيْهِ وَسَلِّمُوْا تَسْلِيْمًا ﴿٥٧﴾

അല്ലാഹുവും അവന്റെ മലക്കുകൾ അഖിലവും ഈ പ്രവാചകനിൽ സ്വലാത്ത് അയക്കുന്നു. വിശ്വാസികളെ നിങ്ങളും ഈ പ്രവാചകനിൽ സ്വലാത്തും സമാധാനവും ആശീർവദിക്കുക.

ഈ ആയത്തിൽ നിന്ന് മനസ്സിലാകുന്നത് റസൂൽ തിരുമേനി ﷺ യുടെ പ്രവർത്തനത്തെ വർണ്ണിക്കുന്നതിനും വിവരിക്കുന്നതിനും അല്ലാഹു പ്രത്യേക പദങ്ങൾ തിരഞ്ഞെടുത്തിട്ടില്ല എന്നാണ്. എത്രയോ പദങ്ങൾ ലഭിക്കുമായിരുന്നു. എന്നാൽ അല്ലാഹു അതൊന്നും പ്രയോഗിച്ചില്ല. തിരുനബിﷺയുടെ പ്രവർത്തനങ്ങൾ വർണ്ണനകൾക്കധീതമായിരുന്നു. ഈ രീതിയിലുള്ള മഹത്വപൂർണ്ണമായ വചനം മറ്റൊരു പ്രവാചകനുവേണ്ടിയും ഉപയോഗിക്കുകയുണ്ടായില്ല. തിരുനബിﷺയുടെ ആത്മാവിൽ സത്യനിഷ്ഠയും ആത്മാർത്ഥമായ കൂറും ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ ദൈവദൃഷ്ടിയിൽ എത്രമാത്രം പ്രീതിപ്പെട്ടതായിരുന്നുവെന്നാൽ അല്ലാഹു എന്നെന്നേക്കുമായി ഇങ്ങനെ കൽപ്പിക്കുകയുണ്ടായി: ഭാവി തലമുറ കൃതജ്ഞത പ്രകടനം എന്ന നിലക്ക് ഈ പ്രവാചകനിൽ സ്വലാത്ത് അയച്ചുകൊണ്ടിരിക്കുക എന്ന്.''

ഈ സത്യനിഷ്ഠയും ആത്മാർത്ഥ കൂറുമാണ് തിരുനബി ﷺ നമ്മുടെ സമക്ഷം സമർപ്പിച്ചിട്ടുള്ളത്. സത്യനിഷ്ഠതയുടേയും ആത്മാർത്ഥ

കൂറിന്റെയും ഈ ബന്ധം തിരുനബി ആരോടാണ് കാണിച്ചത്. ഈ ബന്ധം തന്റെ സ്യഷ്ടാവായ അല്ലാഹുവിനോടാണ് കാണിച്ചത്. അതുകൊണ്ട് നാം തിരുനബി ﷺ യെ പിൻപറ്റുന്നവരാണെങ്കിൽ, മുഅ്മിൻ ആയിത്തീരുന്നതിന്നാവശ്യമായ എല്ലാ കടമകളും നിറവേറ്റുന്ന തിരുദൂതരുടെ തിരുസംഘത്തിൽ ചേരണമെന്നുണ്ടെങ്കിൽ, നമുക്കും സത്യനിഷ്ഠയോടും ആത്മാർത്ഥ കൂറോടും കൂടി അല്ലാഹു നമ്മോട് കൽപിച്ചിട്ടുള്ള കൽപനകൾ അനുസരിച്ച് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. *നമ്മുടെ നാവുകൾ എപ്പോഴും തിരുനബിയിൽ സ്വലാത്ത് അയച്ചുകൊണ്ടിക്കുന്നതായിത്തീരട്ടെ. അങ്ങിനെ നാമും അല്ലാഹുവിന്റെ സാമിപ്യം കരസ്ഥമാക്കുന്നവരായിത്തീരട്ടെ. അല്ലാഹുവിന്റെ ഈ പ്രിയ പ്രവാചകനുമായി ബന്ധപ്പെട്ടുനിൽക്കുന്ന അനുഗ്രഹത്തിന് നാമും അവകാശികളായിത്തീരട്ടെ.* റസൂലുല്ലാഹി ﷺ യെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറഞ്ഞതു പോലെ ആ മഹാത്മാവിന്റെ പ്രവർത്തനങ്ങൾ വർണ്ണനയുടെ എല്ലാ അതിരുകളും മറികടക്കുന്നതായിരുന്നു. അതുകൊണ്ട് അല്ലാഹുവും അവന്റെ മലക്കുകളും സ്വലാത്ത് അയച്ചുകൊണ്ടിരിക്കുന്നു എന്ന സ്ഥാനത്തിന് തിരുനബി ﷺ അർഹനായത്. സ്വലാത്ത് അയക്കാൻ മുഅ്മിനീങ്ങളോട് കൽപിച്ചിരിക്കുകയും ചെയ്തിരിക്കുന്നു.

നാം സ്വലാത്ത് ചൊല്ലുമ്പോൾ നബി ﷺ നമ്മോട് ചെയ്തിരിക്കുന്ന ഉപകാരങ്ങൾ നാം ഓർക്കേണ്ടതാണ്. അല്ലാഹുവുമായി ബന്ധിപ്പിക്കുന്ന ഒരു മതത്തെക്കുറിച്ച് നബി ﷺ നമുക്ക് പറഞ്ഞു തന്നു. അല്ലാഹുവിന് ഇഷ്ടമുള്ള ധാർമ്മിക ഗുണങ്ങൾ തിരുനബി ﷺ നമ്മുടെ മുമ്പാകെ സമർപ്പിച്ചു. അല്ലാഹുവിന്റെ അഭിമാനവും തൗഹീദും സ്ഥാപിക്കുന്നതിനുള്ള മാത്യക നിലനാട്ടി. പരിപൂർണ്ണ ദാസനായിക്കൊണ്ട് ആരാധനയുടെ തേട്ടം പൂർത്തിയാക്കിക്കാണിച്ചു. അല്ലാഹുവിനെ ഭയപ്പെടേണ്ടതെങ്ങനെയാണെന്നും നമുക്ക് കാണിച്ചുതന്നു. അല്ലാഹുവിന് ക്യതജ്ഞത രേഖപ്പെടുത്തുന്നതിന്റെ ഉദാത്ത മാത്യകയും നമ്മുടെ മുമ്പാകെ കാഴ്ചവെച്ചു.

വിശുദ്ധ ഖുർആനിൽ വിശ്വാസികളോട് ഏതവസ്ഥയിലും സത്യനിഷ്ഠമായ ജീവിതം നയിക്കാൻ കൽപ്പിക്കുന്നു. വിശ്വസ്തതയുടേയും അമാനത്തിന്റെയും ഗുണം പ്രകടമാകുന്നതിനെക്കുറിച്ചും, പ്രതിജ്ഞാപാലനത്തെക്കുറിച്ചും, രക്ത ബന്ധങ്ങളെ ഊട്ടിയുറപ്പിക്കുന്നതിനെക്കുറിച്ചും, മാനവരാശിയോട് സഹാനുഭൂതി പ്രകടിപ്പിക്കുന്നതിനെക്കുറിച്ചും, അവരോട് സ്നേഹത്തോടും ആർദ്രതയോടും കാരുണ്യത്തോടും വർത്തിക്കേണ്ടതിനെക്കുറിച്ചും, ക്ഷമയും സ്ഥൈര്യവും പ്രകടമാക്കുന്നതിനെക്കുറിച്ചും, മറ്റുള്ളവർക്ക് മാപ്പ് നൽകുന്നതിനെക്കുറിച്ചും, വിനയവും എളിമയും പ്രദർശിപ്പിക്കുന്നതിനെക്കുറിച്ചും, ഏതവസ്ഥയിലും അല്ലാഹുവിൽ തവക്കൽ ചെയ്യേണമെന്നതിനെക്കുറിച്ചുമെല്ലാം കൽപ്പിച്ചിരിക്കുന്നു. ഇതു കൂടാതെ മറ്റ് വിവിധങ്ങളായ കൽപനകൾ അതിലുണ്ട്. ഈ കൽപനകൾ എങ്ങനെ പ്രാവർത്തിക്കണമെന്നതിന്റെ ഉദാത്തമാത്യകയാണ് നബി ﷺ നമ്മുടെ മുമ്പാകെ സമർപ്പിച്ചത്.

അതിനാൽ ഒരു വിശ്വാസിയുടെ കടമ, തിരുനബി ﷺ യിൽ അവൻ സ്വലാത്ത് അയക്കുമ്പോൾ ഈ മാത്യകകളെ സ്വയം നിലനിർത്താൻ ശ്രമിക്കേണ്ടതാണ്. അപ്പോഴായിരിക്കും ഒരു വിശ്വാസി തന്റെ യജമാനനായ തിരുനബി ﷺ യോടുള്ള സത്യനിഷ്ഠയും ആത്മാർത്ഥ കൂറും പ്രകടിപ്പിക്കുന്നവനായി മാറുക. തിരുനബി ﷺ മുഖേന അവർക്ക് അല്ലാഹുവിനോട് ഈ ആത്മാർത്ഥ കൂറും സമർപ്പണവും പ്രകടമാകുന്നതായിരിക്കും. ഈ അവസ്ഥയിൽ തിരുനബി ﷺ ക്ക് അയക്കുന്ന സ്വലാത്തുകൾ ക്യതജ്ഞതാ പ്രകടനമായിക്കൊണ്ട് അയക്കുന്നവയായി മാറും. ഇതായിരിക്കണം തിരുനബി ﷺ യോടുള്ള ഒരു വിശ്വാസിയുടെ സ്നേഹത്തിന്റെയും ആത്മാർത്ഥ കൂറിന്റെയും പ്രകടനം. തിരുദൂതരുടെ അഭിമാന സംരക്ഷണവും ഇതുതന്നെ. അന്യരുടെ നാവടപ്പിക്കുന്നതിന് നാം തിരുചര്യകളെ സ്വജീവിതത്തിൽ പകർത്തുക. അതല്ലാതെ സ്വന്തം താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് നീതിബോധത്തെ പിച്ചിച്ചീന്തിയെറിയുകയല്ല വേണ്ടത്. അങ്ങനെ അന്യർക്ക് നമുക്കെതിരിൽ വിരൽ ചൂണ്ടുവാനുള്ള അവസരം ഒരുക്കുകയല്ല വേണ്ടത്. നമ്മുടെ ദുഷ്ചെയ്തികൾ കാരണം ശത്രുപക്ഷം നമ്മെ മാത്രമല്ല ആക്ഷേപത്തിന് കുറിമാനമാക്കുന്നുത്. മറിച്ച് നമ്മുടെ യജമാനനും നിഷ്കളങ്കരുടെ നേതാവുമായ തിരുദൂതർക്കെതിരെ നെറികെട്ട ആക്ഷേപങ്ങൾ ശത്രുക്കൾ ഇതും പറഞ്ഞ് ഉന്നയിക്കുകകൂടി ചെയ്യുന്നു. ഇസ്ലാമിക വൈരികൾക്ക് നമ്മുടെ ഏതെങ്കിലും വൈകല്യം കാരണമായോ ബലഹീനത കാരണമായോ തിരുദൂതരെ ആക്ഷേപിക്കാൻ അവസരം ലഭിക്കുന്നുണ്ടെങ്കിൽ അതിന് നാമും കുറ്റക്കാരായിത്തീരുന്നതാണ്. നാമും ഇതിന് ചോദിക്കപ്പെടുന്നതാണ്. നിങ്ങളുടെ ഇന്ന പ്രവർത്തനം വൈരികൾക്ക് ഇത് പറയാൻ അവസരം സ്യഷ്ടിച്ചില്ലെ? നിങ്ങളുടെ അർത്ഥ ശൂന്യമായ മുദ്രാവാക്യം കൊണ്ട് തിരുനബി ﷺ സ്നേഹിക്കുന്നവരുടെ ഗണത്തിൽ നിങ്ങൾ ഉൾപ്പെടുമെന്ന് നിങ്ങൾ കരുതിയോ? ഇതൊന്നും അല്ലാഹുവിന് ഇഷ്ടമില്ല. വാക്കുകളല്ല, പ്രവർത്തിയാണ് അല്ലാഹു ഇഷ്ടപ്പെടുന്നത്. മുസ്‌ലിം ലോകം ഭയപ്പെടേണ്ട അവസരമാണിത്. ഇനി ശത്രുക്കളുടെ വിദ്വേഷവും പകയും കാരണം എന്റെ പ്രിയ യജമാനൻ ﷺ യെക്കുറിച്ച് നിന്ദ്യമായ ആരോപണങ്ങൾ ഉന്നയിക്കുകയോ അദ്ദേഹത്തെ പരിഹാസത്തിന് പാത്രമാക്കുകയോ ചെയ്യുകയാണെങ്കിൽ അല്ലാഹു പറഞ്ഞത് അവരെ നേരിടാൻ നാം മതിയായവനാണെന്നാണ്.

തിരുനബി ﷺ യുടെ അത്യുൽക്യഷ്ട സ്ഥാനമാനത്തെക്കുറിച്ച് മനസ്സിലാക്കാനായി നമുക്ക് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام വഴികാട്ടിത്തന്നിട്ടുണ്ട്. ഇതിൽ ഒരഹ്മദി ഹദ്റത്ത് മസീഹ് മൗഊദ് عليه السلامന് ക്യതജ്ഞതയുള്ളവനാണ്, ക്യതജ്ഞതയുള്ളവനായിത്തീരേണ്ടതാണ്. വാഗ്ദത്ത മസീഹ് ശരിയായ പാദ നമുക്ക് കാണിച്ചുതന്നില്ലായിരുന്നുവെങ്കിൽ നബി ﷺ യോടുള്ള നമ്മുടെ ബന്ധവും ഉപരിപ്ലവമായ കാര്യങ്ങളിലും സമ്മേളനത്തിലും പ്രകടനത്തിലും ഒതുങ്ങിക്കഴിഞ്ഞേനെ. സ്വലാത്തിൽ **ആലി മുഹമ്മദിൻ** എന്ന് പറയുമ്പോൾ തിരുനബി ﷺ യുടെ പ്രിയ മഹ്ദിയെക്കുറിച്ചും മനസ്സിൽ വരേണ്ടതാണ്. ആ മഹാത്മാവാണ് ഇക്കാലത്ത് നമുക്ക് വഴികാട്ടിത്തന്നത്.

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ചില ഉദ്ധരണികൾ ഞാൻ കേൾപ്പിക്കാൻ പോകുകയാണ്. തിരുനബി ﷺ യുടെ അത്യുന്നത പദവി ഹദ്റത്ത് മസീഹ് മൗഊദ് عليه السلام മനസ്സിലാക്കുകയും കാണുകയും ചെയ്തത് എങ്ങിനെയാണെന്ന് നോക്കുക. ഒരു സ്ഥലത്ത് പറയുന്നു.

''മനുഷ്യരിൽവെച്ച് ഏറ്റവും പരിപൂർണനായ മനുഷ്യനു പ്രദാനം ചെയ്യപ്പെട്ട ആ അതിമഹത്തായ പ്രകാശം മലക്കുകളിൽ ഉണ്ടായിരുന്നില്ല, നക്ഷത്രങ്ങളിൽ ഉണ്ടായിരുന്നില്ല, ചന്ദ്രനിൽ ഉണ്ടായിരുന്നില്ല, സൂര്യനിലും ഉണ്ടായിരുന്നില്ല. ഭൂമിയിലെ സമുദ്രത്തിലോ നദിയിലോ ഉണ്ടായിരുന്നില്ല. വൈഢൂര്യങ്ങളിലോ, മാണിക്യങ്ങളിലോ, മുത്തുകളിലോ അത് കണ്ടെത്താവുന്നതായിരുന്നില്ല. ചുരുക്കത്തിൽ ഭൗമികമോ ആകാശീയമോ ആയ യാതൊരു വസ്തുവിലും അതുണ്ടായിരുന്നില്ല. അത് മനുഷ്യനിൽ മാത്രമേ ഉണ്ടായിരുന്നുള്ളൂ. പരിപൂർണ്ണനായ മനുഷ്യനിൽ മാത്രം. അതിന്റെ അതിശ്രേഷ്ഠവും പരിപൂർണ്ണവും ഉദാത്തവും സർവോത്തരവും അത്യുൽക്യഷ്ടവും ആയ സ്ഥാനത്തിന്റെ ഉടമയായ, നിബിമാരുടെ നായകരും ജീവിച്ചിരിക്കുന്നവരുടെയെല്ലാം നേതാവുമായ മുഹമ്മദ് മുസ്തഫാ ﷺ യിൽ മാത്രമാണ് തികവാർന്ന നിലയിൽ അത് വെളിപ്പെട്ടത്. ചുരുക്കത്തിൽ ആ തേജസ്സ് ആ മനുഷ്യനാണ് നൽകപ്പെട്ടത്. അപ്രകാരം തന്നെ, ഒരളവോളം പലനിലയിലും അവിടത്തോട് സാമ്യസാദ്യശ്യങ്ങൾ പുലർത്തുന്ന എല്ലാവർക്കും തന്നെ (അതായത് തിരുനബിയെ പിൻപറ്റാൻവേണ്ടി

പരിശ്രമിക്കുന്നവർക്കും അവരുടെ കഴിവനുസരിച്ച് ലഭിക്കുന്നതാണ്.) ഈ തേജോവിലാസം അത്യുന്നതവും പരിപൂർണ്ണവും തികവുറ്റതുമായ നിലയിൽ നമ്മുടെ നേതാവും സ്നേഹഭാജനവും നമ്മുടെ മാർഗദർശി യുമായ ആ നിരക്ഷരപ്രവാചകൻ, സത്യവാനും സത്യസാക്ഷിതനുമായ മുഹമ്മദ് മുസ്തഫാ ﷺ തിരുമേനിയിലാണ് ദൃശ്യമായിരുന്നത്.''

തിരുമേനിയുടെ ഈ പ്രിയപ്രേമി തിരുദൂതരുടെ പ്രേമത്തിൽ ലയിച്ചു കൊണ്ട് തന്റെ ഹൃദയവികാരം പ്രകടമാക്കുന്നത് നോക്കുക.

''ഞാൻ എപ്പോഴും അത്ഭുത ദൃഷ്ടികളോടെയാണ് നോക്കിക്കാണുന്നത്. മുഹമ്മദ് എന്നുപേരുള്ള ഈ അറബി പ്രവാചകൻ *(ആയിരമായിരം സ്വലാത്തും സലാമും അവിടത്തെ മേൽ വർഷിക്കപ്പെടട്ടെ.)* എത്രമേൽ ഉൽകൃഷ്ട പദവിയാർന്ന നബിയാണ്! അവിടത്തെ ഔന്നത്യത്തിന്റെ അറ്റം കണ്ടെത്തുക അസാധ്യം തന്നെ! അവിടത്തെ ദിവ്യശക്തിപ്രഭാവം കണ ക്കാക്കുക മനുഷ്യന്റെ കഴിവിൽ പെട്ടതല്ല. അഹോ കഷ്ടം! അവിടത്തെ യഥാർത്ഥ പദവി അതർഹിക്കുംവിധം അംഗീകരിക്കപ്പെടുമാറായില്ല. ലോകത്ത്നിന്നും തികച്ചും അപ്രത്യക്ഷമായിരുന്ന ആ തൗഹീദ് അഥവാ ഏകദൈവവിശ്വാസം വീണ്ടും ഈ ലോകത്ത് തിരിച്ചുകൊണ്ടുവന്ന ധീരാ ത്മാവ് അവിടന്നത്രെ. അവിടന്ന് ദൈവത്തോട് അങ്ങേയറ്റത്തെ സ്നേഹം പുലർത്തി. മനുഷ്യകുലത്തിനോടുള്ള സഹാനുഭൂതിയിൽ അദ്ദേഹം ആത്മാർപ്പണം ചെയ്തു. അതുകൊണ്ടു തന്നെയാണ് അദ്ദേഹത്തിന്റെ ഹൃദയാവസ്ഥ അറിയുന്ന അല്ലാഹു മുമ്പുള്ളവരും പിമ്പുള്ളവരുമായ സകല പ്രവാചകന്മാരേക്കാളും ശ്രേഷ്ഠത്വം അദ്ദേഹത്തിന് നൽകുകയും അദ്ദേഹത്തിന്റെ ആഗ്രഹങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിൽ തന്നെ സാധിപ്പിച്ചുകൊടുക്കുകയും ചെയ്തത്. എല്ലാ അനുഗ്രഹത്തിന്റെയും ഉറവിടം അവിടന്നാണ്. ആത്മീയമായ അനുഗ്രഹങ്ങൾ തിരുനബിയുടെ അനുഗ്രഹത്താലല്ലാതെ ലഭിക്കും എന്ന് വാദിക്കുന്നവൻ മനുഷ്യനല്ല. മറിച്ച് ശൈത്താന്റെ സന്താനമാണ്. കാരണം സർവ്വ ശ്രേഷ്ഠതയുടെയും കുഞ്ചിക അദ്ദേഹത്തിനാണ് നൽകപ്പെട്ടിരിക്കുന്നത്. എല്ലാതരം മഅ്രിഫ ത്തിന്റെ ഖജനാവും അദ്ദേഹത്തിനാണ് നൽകപ്പെട്ടിരിക്കുന്നത്. അദ്ദേഹം മുഖേന കരസ്ഥമാക്കാത്തവർ എന്നെന്നും അനുഗ്രഹത്തിൽ നിന്ന് അക റ്റപ്പെട്ടവനായിരിക്കും. നാം എന്ത്? നമ്മുടെ യാഥാർത്ഥ്യമെന്ത്? യഥാർത്ഥ തൗഹീദ് നാം ഈ പ്രവാചകൻ മുഖേനയാണ് കരസ്ഥമാക്കി യത് എന്ന സത്യം അംഗീകരിക്കുന്നില്ലെങ്കിൽ തീർച്ചയായും ഈ അനു ഗ്രഹത്തിന് നന്ദി കാണിക്കാത്തവനായി നാം മാറുന്നതാണ്. ജീവനുള്ള ദൈവത്തെ നാം തിരിച്ചറിഞ്ഞത് ഈ പരിപൂർണ്ണ പ്രവാചകൻ മുഖേനയും അദ്ദേഹത്തിന്റെ പ്രകാശം മുഖേനയുമാണ്. അല്ലാഹുവിന്റെ മുഖം ദർശി ക്കുന്ന ദൈവിക ഭാഷണം നമുക്ക് ലഭിച്ചതും ഈ വരിഷ്ഠനായ പ്രവാച കൻ മുഖേനയാണ്. ഈ മാർഗദർശിയായ പ്രഭാകരന്റെ കിരണങ്ങൾ സൂര്യ പ്രകാശം പോലെ നമ്മിൽ പതിക്കുന്നു. ആ സൂര്യന് അഭിമുഖമായി നിൽ ക്കുമ്പോൾ മാത്രമേ നാമും പ്രകാശപൂരിതമായി നിലനിൽക്കുകയുള്ളൂ.''

മറ്റൊരു സ്ഥലത്ത് പറയുന്നു. ''നീതിയോടും നിഷ്പക്ഷതയോടുംകൂടി മുൻകഴിഞ്ഞുപോയ പ്രവാചകന്മാരെപ്പറ്റി നാം സൂക്ഷ്മ പഠനം നടത്തു ന്നതായാൽ അവരിൽ വെച്ച് ഏറ്റവും വീരപുരുഷനായിട്ടുള്ള നബി, ജീവി ക്കുന്ന പ്രവാചകൻ, അല്ലാഹുവിന് ഏറ്റവും പ്രിയപ്പെട്ട നബിയായി ഒരാളെ മാത്രമേ നമുക്കറിയുകയുള്ളൂ. അത് പ്രവാചക ശ്രേഷ്ഠനും റസൂൽമാരുടെ അഭിമാനവും, സർവ്വപ്രവാചകരുടേയും നേതാവുമായി പ്രവാചകനാണ്. അദ്ദേഹത്തിന്റെ നാമം മുഹമ്മദ് മുസ്തഫ, അഹ്മദ് മുജ്തബാ എന്നാണ്. ﷺ. അദ്ദേഹത്തിന്റെ തണലിൽ പത്ത് നാളുകൾ സഞ്ചരിക്കുമ്പോൾ ഇതിനുമുമ്പ് ആയിരം വർഷം വരെ നടന്നാലും ലഭി ക്കാത്തത്ര പ്രകാശം ലഭിക്കുന്നതാണ്.''

പറയുന്നു. ''റസൂലുല്ലാഹി ﷺ തിരുമേനിയെ മാറ്റിനിർത്തിക്കൊണ്ട് ലോകത്ത് ഇതുവരെ ആഗതരായിരിക്കുന്ന സകല പ്രവാചകന്മാരും ഒന്നായിച്ചേർന്നുകൊണ്ട് തിരുനബി ﷺ ചെയ്തുതീർത്ത് അതിമഹ ത്തായ പ്രവർത്തനങ്ങളും സംസ്ക്കരണവും ചെയ്യാൻ ശ്രമിക്കുകയാണെ ങ്കിൽ അവർക്കെല്ലാവർക്കുംകൂടി അത് ചെയ്യാൻ സാധ്യമല്ല എന്നതാണ് എന്റെ ദൃഢമായ വിശ്വാസം. കാരണം അവർക്ക് നമ്മുടെ പ്രവാചകന് നൽകപ്പെട്ട മനസും ആർജ്ജവശക്തിയും ഉണ്ടായിരുന്നില്ല. എന്റെ ഈ പ്രസ്ഥാവന മുഴുവൻ പ്രവാചകരേയും അപമാനിക്കുന്നതിന് തുല്യമാ ണെന്ന് ആരെങ്കിലും ആക്ഷേപിക്കുകയാണെങ്കിൽ ആ അൽപജ്ഞാനി എന്നിൽ വ്യാജാരോപണമാണ് നടത്തുന്നത്. എല്ലാ നബിമാരേയും ആദ രിക്കുകയും ബഹുമാനിക്കുകയും ചെയ്യുക എന്നത് എന്റെ വിശ്വാസ ത്തിന്റെ ഭാഗമായി കണക്കാക്കുന്നവനാണ് ഞാൻ. എന്നാൽ, മറ്റ് പ്രവാച കൻമാരെ അപേക്ഷിച്ച് തിരുനബി ﷺ ക്കുള്ള മഹത്ത്വം അംഗീകരി ക്കുക എന്നത് എന്റെ വിശ്വാസത്തിന്റെ സിംഹഭാഗമാണ്. അത് എന്റെ നാഡി നരമ്പുകളിൽ നിറഞ്ഞിരിക്കുന്നു. എന്റെ ഹൃദയത്തിൽ നിന്നും ഈ അംഗീകാരം എടുത്ത് വലിച്ചെറിയുക എന്നത് എന്റെ കഴിയിൽപെട്ട തല്ല. ഭാഗ്യദോഷിയും അന്ധനുമായ എതിരാളികൾ ഇഷ്ടമുള്ളത് പറഞ്ഞു കൊള്ളട്ടെ. നമ്മുടെ പ്രവാചകൻ ﷺ ചെയ്തിരിക്കുന്ന പ്രവർത്തന ങ്ങൽ ഒറ്റക്കൊ ഒന്നായിച്ചേർന്നോ ആർക്കും ചെയ്യാൻ സാധിക്കാത്തതാ ണ്. ഇത് അല്ലാഹുവിന്റെ അനുഗ്രഹമാണ്. ''

പറയുന്നു. ''മാനവരാശിക്ക് ഭൂമിയിൽ വിശുദ്ധ ഖുർആനല്ലാതെ മറ്റൊരു ഗ്രന്ഥവും ഇനിയില്ല. ആദം സന്തതികൾക്കായി ഹദ്റത്ത് മുഹമ്മദ് മുസ്തഫ ﷺ തിരുമേനിയല്ലാതെ മറ്റൊരു പ്രവാചകനും ശുപാർശക നും വേറെയില്ല. അതുകൊണ്ട് പ്രതാപശാലിയായ ഈ നബിയുടെ നേരെ നിങ്ങൾ ഹൃദയംഗമമായ സ്നേഹം പുലർത്തിക്കൊള്ളുവിൻ! അവിട ത്തേക്കാൾ ഉപരിയുള്ള മേന്മ മറ്റാരിലും കൽപ്പിക്കല്ല. ആകാശത്തിൽ നിങ്ങൾ മോക്ഷം പ്രാപിച്ചവരുടെ കൂട്ടത്തിൽ എണ്ണപ്പെടുമാറാകുന്നതിനു തന്നെ. മോക്ഷം എന്നത് മരണശേഷം മാത്രം വെളിവാകുന്ന എന്തോ ഒന്ന ല്ലെന്ന് ഓർത്തുകൊൾവിൻ. മറിച്ച്, യഥാർത്ഥ മോക്ഷം ഈ ലോകത്തു വെച്ചുതന്നെ അതിന്റെ വെളിച്ചം കാട്ടുന്നതാകുന്നതാകുന്നു. ആരാണ് മോക്ഷം പ്രാപിച്ചവൻ? ദൈവം സത്യമാണെന്നും മുഹമ്മദ് ﷺ തിരു മേനി ആ ദൈവത്തിന്റെയും മുഴുവൻ സൃഷ്ടിജാലത്തിന്റെയും ഇടയി ലുള്ള ശുപാർശക്കാരനാണെന്നും, ആകാശത്തിനുകീഴിൽ അവിടത്തെക്ക് സമസ്ഥാനീയനായി മറ്റൊരു നബിയും ഇല്ലെന്നും, ഖുർആന്നു തുല്യമാ യിട്ടുള്ള മറ്റൊരു ഗ്രന്ഥവും ഇല്ലെന്നും, എന്നെന്നും ജീവിച്ചിരിക്കുവാൻ അല്ലാഹു ആരുടെ കാര്യത്തിലും ഇച്ഛിച്ചിട്ടില്ലെങ്കിലും ഈ വരിഷ്ഠ പ്രവാ ചകൻ എക്കാലത്തേക്കും ജീവിച്ചിരിക്കുന്ന നബിയാണെന്നും ഉറച്ചു വിശ്വ സിക്കുന്നവൻ തന്നെ.''

തിരുനബി ﷺ എന്നെന്നും ജീവിച്ചിരിക്കുന്നത് എങ്ങിനെയാണെന്ന് വിവരിച്ചുകൊണ്ട് പറയുന്നു. ''ലോകം അവസാനിക്കാറായി. എന്നാൽ ഈ പരിപൂർണ്ണ പ്രവാചകന്റെ കിരണങ്ങൾ ഇനിയും അവസാനിക്കാറാ യിട്ടില്ലെന്നത് ആശ്ചര്യകരം തന്നെ. അല്ലാഹുവിന്റെ വചനമായ വിശുദ്ധ ഖുർആൻ എതിരായിരുന്നില്ലെങ്കിൽ ഈ പ്രവാചകനെ സംബന്ധി ച്ചെടത്തോളം അദ്ദേഹം സ്ഥൂല ശരീരത്തോടുകൂടി ആകാശത്ത് ജീവിച്ചി രിപ്പുണ്ടെന്ന് നമുക്ക് പറയാമായിരുന്നു. കാരണം അദ്ദേഹം ജീവിച്ചിരി പ്പുണ്ടെന്നതിനുള്ള ജീവൽ ദൃഷ്ടാന്തം നാം അനുഭവിച്ചുകൊണ്ടിരിക്കു ന്നു. അദ്ദേഹത്തിന്റെ മതം ജീവിച്ചിരിക്കുന്നു. അദ്ദേഹത്തെ പിൻപറ്റുന്ന വരും ജീവൻ തുടിക്കുന്നവരാണ്. അവർ ജീവനുള്ളവരായിത്തീരുന്നു. അദ്ദേഹം മുഖേന ജീവനുള്ള ദൈവത്തെ പ്രാപിക്കാൻ സാധിക്കുന്നു. അല്ലാഹു ആ മഹാത്മാവിനേയും അദ്ദേഹത്തിന്റെ ദീനിനേയും അദ്ദേഹ ത്തിന്റെ പ്രേമികളേയും സ്നേഹിക്കുന്നതായി നാം കാണുന്നു. ഓർക്കുക.

അദ്ദേഹം ശരിക്കും ജീവിച്ചിരിക്കുന്നുണ്ട്. ആകാശത്ത് ഏറ്റവും ഔന്നത്യത്തിലുള്ള സ്ഥാനം ആ പ്രവാചകന്റേതാണ്. എന്നാൽ നശ്വരമായ ഈ സ്ഥൂല ശരീരത്തോടെയല്ല. മറ്റൊരു പ്രകാശപൂരിതമായ ശരീരത്തോടെയാണ്. അത് അനശ്വരമാണ്. സർവ്വശക്തിമാനായ തന്റെ ദൈവത്തിന്റെ അടുത്ത് ആകാശത്ത് ആ മഹാത്മാവ് ഉണ്ട്.''

നീതിബോധത്തോടുകൂടി ആരെങ്കിലും നോക്കുകയാണെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام തിരുനബി ﷺ യുടെ സ്ഥാനം മനസ്സിലാക്കിയതുപോലെ മറ്റൊരാൾക്കും മനസ്സിലാക്കാൻ സാധിച്ചിട്ടില്ലെന്ന യാഥാർത്ഥ്യം അവർക്ക് അംഗീകരിക്കേണ്ടിവരും. റസൂലുല്ലാഹി ﷺ തിരുമേനിക്കെതിരിൽ ഉതിർത്തുവിട്ട ആക്ഷേപ ശരങ്ങളെ ഫലപ്രദമായ രീതിയിൽ പ്രതിരോധിച്ച യോദ്ധാവ് ഇദ്ദേഹമായിരുന്നു.

1897 ൽ മിഷൻ പ്രസ് ഗുജ്റാൻ വാലയിൽനിന്ന് പാദിരിമാർ ഇസ്‌ലാമിന്നെതിരിൽ ഒരുപുസ്തകം പ്രസിദ്ധീകരിക്കുകയുണ്ടായി. അതിൽ തിരുനബി ﷺ യുടെ വ്യക്തിത്വത്തെ അതിനീചമായ രീതിയിൽ ആക്ഷേപത്തിന് പാത്രമാക്കുകയും ചെയ്തു. മുസ്‌ലിംകളെ ഇതുമുഖേന ഇളക്കിവിടാനാണ് അവർ ശ്രമിച്ചത്. മുസ്‌ലിം മനസ്സുകളെ വേദനിപ്പിക്കുന്നതിനായി അതിന്റെ ആയിരം കോപ്പികൾ പണ്ഢിതർക്കും മുസ്‌ലിം നേതാക്കന്മാർക്കും വിതരണം ചെയ്യുകയും അതിന്റെ ഒരു കോപ്പി ഹദ്റത്ത് മസീഹ് മൗഊദ് عليه السلامനും അയച്ച് കൊടുക്കുകയും ചെയ്തു. ഇത് കിട്ടിയപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ഒരു വിജ്ഞാപനം പുറപ്പെടുവിച്ചു. അതിലൂടെ ഗവൺമെന്റിനോട് ആവശ്യപ്പെട്ടത് നിയമം ഇതിന് അനുവദിക്കുന്നുണ്ടെങ്കിലും ഈ രീതിയിലുള്ള പ്രസിദ്ധീകരണം പ്രവാചകനിന്ദയായി കണക്കുകൂട്ടില്ലെന്ന് നിങ്ങൾ പറഞ്ഞാലും ഇതുപോലുള്ളത് പ്രസിദ്ധീകരിക്കാൻ മുസ്‌ലിംകൾക്കും അനുവാദമുണ്ടെന്ന് അംഗീകരിച്ചാലും ശരി ഇത് ശരിയല്ല. കാരണം മുസ്‌ലിംകൾ സകല പ്രവാചകന്മാരിലും വിശ്വസിക്കുന്നവരാണ്. അതുകൊണ്ട് അവർക്ക് ഈസാ عليه السلام നെക്കുറിച്ചോ മറ്റേതെങ്കിലും പ്രവാചകന്മാരെക്കുറിച്ചോ ഇങ്ങനെയുള്ള നീചവും നികൃഷ്ഠവുമായ വാക്കുകൾ ഉപയോഗിക്കാൻ കഴിയില്ല. അതുകൊണ്ട് ഗവൺമെന്റ് ഓരോ മതസ്ഥരും അവർ അവരുടെ മതത്തിന്റെ ഗുണങ്ങൾ വിവരിക്കുകയും മറ്റുള്ളവർക്കെതിരിൽ ആക്ഷേപം തൊടുത്തുവിടുന്നത് വിലക്കുകയും ചെയ്യുന്ന രീതിയിലുള്ള നിയമം പാസ്സാക്കേണ്ടതാണ്. ഇതുമുഖേനയാണ് ശാന്തിയും സാഹോദര്യവും നിലനിൽക്കുകയുള്ളൂ. ഇതെല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല.

തിരുനബി ﷺ യുടെ സ്ഥാനമഹാത്മ്യത്തെക്കുറിച്ചും അതിന്റെസംരക്ഷണത്തെക്കുറിച്ചും ഇസ്‌ലാമിക വൈരികളുടെ ഇസ്‌ലാമിനും തിരുദൂതർക്കുമെതിരിലുള്ള ആക്ഷേപങ്ങളെ പ്രതിരോധിക്കുന്നതിലും അദ്ദേഹത്തിന് പ്രത്യേക ആവേശമായിരുന്നു. ഏതവസരത്തിലും അതിന് സജ്ജമായിരുന്നു. ശത്രുക്കളുടെ ആക്രമണത്തെ നമുക്ക് എങ്ങിനെ തകർക്കാൻ സാധിക്കും എന്ന് ആ മഹാത്മാവ് മുസ്‌ലിംകൾക്കും പറഞ്ഞ് മനസ്സിലാക്കുമായിരുന്നു. മുസ്‌ലിംകൾ ഏത് ഗ്രൂപ്പിൽ പെട്ടവരാണെങ്കിലും തിരുനബി ﷺ യുടെ അഭിമാനത്തെ സംരക്ഷിക്കുന്നതിന്നായി എല്ലാവരും ഒന്നായിച്ചേർന്നുകൊണ്ട് പ്രവർത്തിക്കേണ്ടതാണ്. മുസ്‌ലിംകൾ എന്ത് പ്രവർത്തിക്കണം എന്നും അദ്ദേഹം പറഞ്ഞുകൊടുത്തിരുന്നു.

പറയുന്നു. ''നമ്മുടെ എതിരാളികൾ (ഇസ്‌ലാം വൈരികൾ) ആയിരക്കണക്കിന് ആക്ഷേപങ്ങൾ ഉന്നയിച്ചുകൊണ്ട് ഇസ്‌ലാമിന്റെ സുന്ദരമുഖത്തെ വികൃതമാക്കിക്കാണിക്കാൻ വ്യാമോഹിക്കുകയാണ്. അതുകൊണ്ട് നമ്മുടെ പ്രവർത്തനമഖിലവും തന്നെ ഈ പരിശുദ്ധ ദീനിന്റെ സമ്പൂർണ്ണ സൗന്ദര്യവും അന്യൂനതയും നിഷ്കളങ്കതയും വ്യക്തമായ തെളിവുകൾ മുഖേന സമർത്ഥിക്കുന്നതിന് വേണ്ടിയായിരിക്കേണ്ടതാണ്. ശരിക്കും ഓർമ്മവെക്കുക. വഴിതെറ്റിയവരോടുള്ള യഥാർത്ഥ സഹാനുഭൂതി എന്നത് വ്യാജവും നിന്ദ്യവുമായ ആക്ഷേപങ്ങളിലുള്ള കളവിനെക്കുറിച്ച് അവർക്ക് അറിവ് നൽകുക എന്നതാണ്. ഇസ്‌ലാമിന്റെ മുഖം എന്തുമാത്രം പ്രകാശദീപ്തമാണെന്നും അനുഗ്രഹീതമാണെന്നും അന്യൂനമാണെന്നും അവർക്ക് കാണിച്ചുകൊടുക്കുക. നാം ചെയ്യേണ്ട സുപ്രധാന പ്രവൃത്തി ഇതാണ്. ഇസ്‌ലാമിനെ സമൂഹത്തിന്റെ മുമ്പാകെ തെറ്റിദ്ധരിപ്പിച്ചുകൊണ്ടിരിക്കുന്ന ഈ വഞ്ചനയേയും കറ്റുകെട്ടുകളേയും പിഴുതെറിയുക. ഈ പ്രവർത്തനമാണ് മറ്റെല്ലാ പ്രവർത്തനങ്ങളെക്കാളും പ്രാമുഖ്യമുള്ളത്. ഇതിൽ നാം അശ്രദ്ധരാവുകയാണെങ്കിൽ അല്ലാഹുവിന്റെയും റസൂലിന്റെയും പാപികളായി നാം മാറുന്നതാണ്. ഇസ്‌ലാമിനോടുള്ള യഥാർത്ഥ സഹാനുഭൂതി, റസൂൽ ﷺ തിരുമേനിയോടുള്ള സംശുദ്ധമായ പ്രേമം നമ്മോട് ആവശ്യപ്പെടുന്നത് ഈ ആക്ഷേപങ്ങളിൽ നിന്നും നമ്മുടെ നേതാവും യജമാനനുമായ ഹദ്റത്ത് മുഹമ്മദ് ﷺ തിരുമേനിയുടേയും ഇസ്‌ലാമിന്റെയും പവിത്രത പ്രകടമാക്കുക എന്നതാണ്. സംശയാലുക്കൾക്ക് സംശയത്തിനുള്ള പുതിയ അവസരം നൽകാതിരിക്കുക. അധികാരവും ശക്തിയും ഉപയോഗിച്ച് കൊണ്ട് ഈ ആക്ഷേപങ്ങളെ തടയാൻ നാം ശ്രമിക്കുന്നുണ്ടെന്നും മറുപടി എഴുതാൻ കഴിയില്ലെന്നും അവർക്ക് തോന്നരുത്. ഓരോരുത്തരും അവരവരുടെ അഭിപ്രായത്തെയാണ് പിൻപറ്റുന്നത്. എന്നാൽ അല്ലാഹു നമ്മുടെ ഹൃദയത്തെ തുറന്നിരിക്കുന്നത് ഇക്കാലത്ത് ഇസ്‌ലാമിന് യഥാർത്ഥ സംരക്ഷണവും നൽകുവാനാണ്. ഇതിൽ ഇസ്‌ലാമിന്നെതിരിൽ വിതക്കപ്പെട്ട വ്യാജമായ വിത്തുകളെ ഇല്ലായ്മചെയ്യുകയും യൂറോപ്പിലും ഏഷ്യയിലും പ്രചണ്ഢമായി പ്രചരിപ്പിക്കുന്ന ഇസ്‌ലാമിന്നെതിരിലുള്ള ആക്ഷേപങ്ങളെ വേരോടെ പിഴുതെറിഞ്ഞ് ഇസ്‌ലാമിന്റെ സൗന്ദര്യവും തേജസ്സും മറ്റുള്ള സമൂഹത്തിന്റെ കണ്ണിൽ മഞ്ഞളിക്കുന്ന തരത്തിൽ അവരുടെ മുമ്പാകെ സമർപ്പിക്കുകയും ചെയ്യുക എന്നതാണ്. അങ്ങനെ വഞ്ചനയിലൂടെ വ്യാജാരോപണങ്ങൾ ഉന്നയിച്ച കറ്റുകെട്ടുകാരിൽ നിന്നും അവർക്ക് മോചനം ലഭിക്കുമാറാകട്ടെ. ഇക്കാലത്ത് അതീവ വഷലിപ്തമായ ആക്ഷേപങ്ങൾ ഉന്നയിക്കപ്പെട്ടിട്ടും ജനങ്ങൾ വഞ്ചിക്കപ്പെട്ടിട്ടും ഈ ആക്ഷേപങ്ങൾക്ക് മറുപടി പറയേണ്ട യാതൊരു ആവശ്യവുമില്ലെന്നും കേസ്സുകൊടുക്കുകയും ഗവൺമെന്റിന്ന് ഒരു പരാതി നൽകുകയും ചെയ്താൽ മാത്രം മതി എന്നും കഴിവുണ്ടായിട്ടുകൂടി പറഞ്ഞുകൊണ്ടിരിക്കുന്നവരുടെ നിലപാടിൽ ഞാൻ വളരെയധികം ദുഃഖിക്കുന്നു. വെറും കേസ് കൊടുത്ത് ആരെയെങ്കിലും പിടിപ്പിച്ചാൽ മതി എന്നാണ് അവർ കരുതുന്നത്. ഇതിന്നായി നിരന്തരപ്രയത്നമാണ് വേണ്ടത്. ഇസ്‌ലാമിനോടുള്ള യഥാർത്ഥ സ്നേഹം ആവശ്യപ്പെടുന്നത് നിങ്ങൾ എഴുന്നേൽക്കുക, ആക്ഷേപങ്ങളെ അകറ്റുന്നതിനായി നിന്തര പ്രവർത്തനങ്ങളിൽ മുഴുകുക. തങ്ങളുടെ പ്രവർത്തനങ്ങളെ യഥാർത്ഥ വിശ്വാസിയുടെ പ്രവർത്തനമാക്കി മാറ്റുക. വെറും പരാതി അയച്ചുതുകൊണ്ടൊ പ്രതിഷേധ പ്രകടനങ്ങൾ നടത്തിയതുകൊണ്ടോ അൽപം നാളുകൾ പ്രസ്ഥാവനകൾ ഇറക്കിയതുകൊണ്ടോ കാര്യമായില്ല.

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام തിരുദൂതർ ﷺ യുടെ അഭിമാനത്തെ കാത്തുസൂക്ഷിക്കുന്നതിന് ഏതുതരം വികാരമാണ് തന്റെ ഹൃദയത്തിൽ കാത്തുസൂക്ഷിച്ചതെന്ന് ചുവടെ ചേർക്കുന്ന വരികളിൽ നിങ്ങൾക്ക് മനസ്സിലാകുന്നതാണ്. പറയുന്നു. ''നമ്മുടെ വന്ദ്യനായ പ്രവാചകൻ ഹദ്റത്ത് മുഹമ്മദ് മുസ്തഫ ﷺ തിരുമേനിയെ ദൈവഭയലേശമന്യേ അന്യായമായ നിലയിൽ നിന്ദിച്ചുപറയുകയും അധിക്ഷേപിക്കുകയും തിരുമേനിയുടെ പേരിൽ അശുദ്ധമായ കുറ്റങ്ങളാരോപിക്കുകയും ചെയ്യുന്നവരുമായി ഞങ്ങൾക്ക് എങ്ങനെയാണ് മൈത്രിയുണ്ടാക്കാൻ സാധിക്കുക? ഞാൻ സത്യമായും പറയുന്നു. മരുഭൂമിയിലെ സർപ്പങ്ങളുമായും കാട്ടിലെ ചെന്നായ്ക്കളുമായും ഞങ്ങൾക്ക് ഐക്യഭാവത്തിലും സൗഹാർദ്ദത്തിലും

വർത്തിക്കുവാൻ സാധിക്കുന്നതായാലും ഞങ്ങളുടെ ജീവനെക്കാളും മതാപിതാക്കളെക്കാളും ഏറ്റവും പ്രിയപ്പെട്ട പരിശുദ്ധ നബിതിരുമേനി യുടെ പേരിൽ ദൂഷ്യാരോപണം ചെയ്യുന്നവരുമായിട്ടു ഞങ്ങൾക്ക് മൈത്രി യിൽ കഴിഞ്ഞുകൂടുക അസാദ്ധ്യമാണ്. *ദൈവം ഞങ്ങളെ ഇസ്‌ലാമിൽ തന്നെ മൃതിയടയുവാൻ അനുഗ്രഹിക്കുമാറാകട്ടെ.* ഞങ്ങൾ മതവിശ്വാ സത്തിന്നെതിരായി യാതൊന്നും ചെയ്യാൻ ഒരുക്കമില്ല.''

ശത്രുക്കളുടെ ആക്ഷേപങ്ങളെ പരാമർശിച്ചുകൊണ്ട് ഒരു സ്ഥലത്ത് പറയുന്നു. ''ഇക്കൂട്ടർ നമ്മുടെ പരിശുദ്ധ പ്രവാചകൻ ﷺ ക്കെതിരിൽ ഉന്നയിച്ചുകൊണ്ടിരിക്കുന്ന ആക്ഷേപങ്ങളും അവഹേളനങ്ങളും എന്നെ കടുത്ത ദുഃഖത്തിലാഴ്ത്തിയത്പോലെ മറ്റൊരു സംഭവവും എന്നെ ഇത്ര മാത്രം ദുഃഖത്തിലാഴ്ത്തിയിട്ടില്ല. ഖൈറുൽ ബശർ ആയ ആ പുണ്യപാദ ന്നെതിരിൽ ഇവരുടെ നിന്ദാത്മകമായ ജൽപനങ്ങൾ എന്റെ ഹൃദയത്തെ അഘാധമായ മുറിവേൽപ്പിച്ചിരിക്കുകയാണ്. ഞാൻ അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്തു പറയട്ടെ. എന്റെ എല്ലാ മക്കളും, മക്കളുടെ മക്ക ളും, സന്തതസഹചാരികളും എന്റെ കൺമുമ്പാകെ അറുകൊലചെയ്യ പ്പെട്ടാലും എന്റെ കൈകാലുകൾ തന്നെ വെട്ടി നുറുക്കപ്പെട്ടാലും എന്റെ കണ്ണിലെ കൃഷ്ണമണികൾ ചൂഴ്ന്നെടുക്കപ്പെട്ടാലും എന്റെ എല്ലാ ഉദ്ദേ ശ്യലക്ഷ്യങ്ങളും വിനഷ്ടമായാലും, സുഖസൗകര്യങ്ങൾ നഷ്ടപ്പെട്ടാലും അവയെക്കാളൊക്കെ എനിക്ക് അസഹ്യമായി അനുഭവപ്പെടുന്നത് റസൂൽ തിരുമേനി ﷺ നെതിരിൽ ചെയ്യപ്പെടുന്ന ഈ നീചമായ കുറ്റാരോപണ ങ്ങളാണ്. *അതിനാൽ എന്റെ ആകാശീയനായ യജമാനനെ! നീ ഞങ്ങ ളിൽ നിന്റെ കാരുണ്യത്തിന്റെയും സഹായത്തിന്റെയും ദൃഷ്ടി പതിപ്പി ക്കേണമേ. ഈ വിപൽ ഘട്ടത്തിൽ നിന്നും ഞങ്ങൾക്ക് മോചനം നൽകേ ണമേ.''*

ഇന്നും ഇസ്‌ലാമിക വൈരികളായ പാതിരിമാർ ഇസ്‌ലാമിന്നെതിരിൽ ആക്ഷേപങ്ങൾ തൊടുത്തുവിട്ടുകൊണ്ടിരിക്കുന്നു. കഴിഞ്ഞ ദിനങ്ങളിൽ അമേരിക്കയിൽ ഖുർആൻ പരസ്യമായി കത്തിക്കുമെന്ന് ഒരു പാതിരി പ്രഖ്യാപിച്ചിരുന്നു. ഈ ചിന്താഗതി പല സ്ഥലത്തും കാണാവുന്നതാണ്. അയാളുടെ ചിന്ത അവസാനിച്ചിട്ടില്ല. അയാളെ ഇംഗ്ലണ്ടിൽ കൊണ്ടുവ രാനുള്ള പദ്ധതി ഉണ്ടായിരുന്നു. കഴിഞ്ഞ ദിവസം അതിനെക്കുറിച്ചുള്ള വിളമ്പരവും നടന്നതാണ്. ഏതോ ഒരു ഗ്രൂപ്പ് അയാളെ ക്ഷണിച്ചിരിക്കു ന്നു. അതോ പാർലിമെന്റാണോ എന്നറിയില്ല. എന്നാൽ ഇന്നലെ ലഭിച്ച വാർത്ത, ബ്രിട്ടീഷ് ഗവൺമെന്റ് അയാൾക്ക് വിലക്കേർപ്പെടുത്തിയിരിക്കു കയാണ്. ഇവിടെ വിവിധ മതസ്ഥർ താമസിക്കുന്നത്കൊണ്ട് ഒരു മത ത്തേയും നിന്ദിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. അത് ഞങ്ങൾ സഹി ക്കുകയുമില്ല. അതുകൊണ്ട് നിങ്ങൾക്ക് ഇവിടെ വരാൻ അനുവാദമി ല്ലെന്ന് അവർ പറഞ്ഞിരിക്കുകയാണ്. ബ്രിട്ടീഷ് ഗവൺമെന്റിന്റെ ഈ തീരുമാനം വളരെ ശ്ലാകനീയമാണ്. *ഭാവിയിലും ഇവർക്ക് നീതി നടപ്പിൽ വരുത്തുവാൻ അല്ലാഹു തൗഫീഖ് നൽകുമാറാകട്ടെ. ലോകത്തുള്ള മറ്റു ഭരണകൂടങ്ങൾ ഇവരിൽ നിന്നും പാഠം പഠിക്കട്ടെ. അങ്ങിനെ ലോകത്ത് നിന്നും ഫിത്നയും കുഴപ്പങ്ങളും ഇല്ലാതായിത്തീരട്ടെ.*

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام തിരുനബിയോടുള്ള സ്നേഹപ്രകടനം ഏതുരീതിയിൽ ജീവിതത്തിൽ കാണിച്ചു എന്നതിനുള്ള ചില ഉദാഹര ണങ്ങളിലേക്ക് ഞാൻ പ്രവേശിക്കുകയാണ്. ഒന്നുരണ്ട് സംഭവങ്ങൾ മാത്രം കേൾപ്പിക്കാം. ലേഖറാമിന്റെ സംഭവം എല്ലാവർക്കും അറിയാവുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام സ്റ്റേഷനിൽ വുളു ചെയ്യുകയായിരുന്നു. ലേഖറാം വന്നു സലാം ചൊല്ലി. ആ മഹാത്മാവ് അതിലേക്ക് ശ്രദ്ധിച്ചില്ല. വുളു ചെയ്തുകൊണ്ടിരുന്നു. ലേഖറാം കരുതി കേട്ടിരിക്കില്ലെന്ന്. അയാൾ മറ്റു ഭാഗത്തു ചെന്ന് സലാം ചൊല്ലി. എന്നിട്ടും മറുപടി പറഞ്ഞില്ല. അയാൾ തിരിച്ചുപോയി. വുളു ചെയ്തതിനുശേഷം ആരോ പറഞ്ഞു. ലേഖറാം വന്ന് സലാം പറഞ്ഞിരുന്നുവല്ലോ. അപ്പോൾ ഹുസൂർ പറഞ്ഞു. നമ്മുടെ യജമാനനെ ചീത്ത പറയുകയും നമുക്ക വന്ന് സലാം ചെല്ലു കയും ചെയ്യുകയാണോ. ഇതാണ് തിരുനബിയോടുള്ള സ്നേഹപ്രകടനം അദ്ദേഹം കാഴ്ചവെച്ചത്. ഒരോ മുസ്‌ലിമും അനുവർത്തിക്കേണ്ട രീതി യാണിത്.

ഹദ്റത്ത് ശേഖ് യാഖൂബ് അലി സാഹിബ് ഇർഫാനി ഒരു സംഭവം വിവ രിക്കുന്നു. ഡോക്ടർ പാതിരി വൈറ്റ് റെഡിനെ 1925 ൽ അദ്ദേഹം ലണ്ട നിൽ വെച്ച് കണ്ടും. ഡോക്ടർ സ്റ്റൈൺസ്റ്റൺ എന്നാണ് അദ്ദേഹം അറി യപ്പെട്ടിരുന്നത്. ഇദ്ദേഹം ബട്ടാലയിൽ മിഷനറിയായി പ്രവർത്തിച്ചിരുന്നു. മസീഹ് മൗഊദുമായും ഇദ്ദേഹം മുലാഖാത്ത് നടത്തിയിട്ടുണ്ട്. പാദിരി ഫതഹ് മസീഹിനോടൊപ്പം ഇൽഹാമിനെക്കുറിച്ച് ഒരു സംവാദം ബട്ടാല യിൽ വെച്ച് ഹദ്റത്ത് മസീഹ് മൗഊദുമായി നടന്നിരുന്നു. അതിലും ഇദ്ദേഹം സംബന്ധിച്ചിരുന്നു. അഹ്മദിയ്യാ ചരിത്രവുമായി ഇദ്ദേഹത്തിന് ബന്ധമുള്ളതുകൊണ്ട് ഇദ്ദേഹത്തെ കാണാൻ ഞാൻ ആഗ്രഹിച്ചു. ലണ്ട നിൽ വെച്ച് കണ്ടു. സംസാരമദ്ധ്യേ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ സ്വഭ വസവിശേഷതയെക്കുറിച്ചും പരാമർശംവന്നു. ഒരവസരത്തിൽ പാതിരി സാഹിബ് പറഞ്ഞു. ഞാൻ മിർസാ സാഹിബിൽ കണ്ട ഒരു കാര്യം അത് എനിക്ക് തീരെ ഇഷ്ടപ്പെട്ടിട്ടില്ല. റസൂൽ ﷺ തിരുമേനിയെക്കുറിച്ച് അദ്ദേഹത്തിന്റെ മുമ്പിൽ ആക്ഷേപിക്കപ്പെട്ടാൽ അദ്ദഹം ദേഷ്യപ്പെടു കയും അദ്ദേഹത്തിന്റെ മുഖം വിവർണ്ണമാകുകയും ചെയ്യുമായിരുന്നു. (അതായത് അപമര്യാദയായരീതിയിലുള്ള ആക്ഷേപങ്ങൾ ഉന്നയിക്കു മ്പോൾ. അതല്ലാതെ തിരുനബിക്കെതിരിൽ ചോദ്യങ്ങൾ ചോദിക്കുന്നതു കൊണ്ടല്ല. സംസ്കാരത്തിൽ നിന്നും വിട്ടുകൊണ്ടുള്ള ആക്ഷേപമായാൽ ഉടനെ മുഖം വിവർണ്ണമാക്കുകയും ദേഷ്യപ്പെടുകയും ചെയ്തിരുന്നു.) ഇർഫാനി സാഹിബ് പറയുന്നു. പാതിരി സാഹിബ്! താങ്കൾക്ക് ഇഷ്ടമി ല്ലെന്ന് പറഞ്ഞ ഈ കാര്യമുണ്ടല്ലൊ അതിലാണ് ഞാൻ എന്റെ ജീവൻ അദ്ദേഹത്തിന് തണ്ടമാക്കുന്നത്. ഇതുമുഖേന മിർസ സാഹിബിന്റെ വൈശിഷ്ഠ്യത്തിൽ പ്രത്യേക തൂവൽ ചാർത്തപ്പെടുകയാണ്. അദ്ദേഹത്തി ന്റെ വിശ്വാസദാർഢ്യവും തിരുദൂതരോടുള്ള അടങ്ങാത്ത പ്രേമവും ഇതി ൽ നിന്നും സ്ഫുരിച്ചുനിൽക്കുന്നു. ഇത് താങ്കൾക്ക് ന്യൂനതയായിത്തോ ന്നുണ്ടെങ്കിൽ ഞാനിതിനെ ഉൽകൃഷ്ഠ സ്വഭാവഗുണമായാണ് കരുതുന്ന ത്. താങ്കളുടെ നാവിൽ നിന്നും ഇത് കേട്ടപ്പോൾ മിർസ സാഹിബിനോ ടുള്ള സ്നേഹവും ബന്ധവും എനിക്ക് വർദ്ധിക്കുകയാണ് ചെയ്യുന്നത്.

ചുരുക്കത്തിൽ തിരുദൂതരോട് ആ മഹാത്മാവിന്ന് അതിരറ്റ പ്രേമമാ യിരുന്നു. തിരുദൂതരെ അപമാനിക്കുന്നത് അൽപംപോലും സഹിച്ചിരു ന്നില്ല. ഇതാണ് പ്രവാചകസ്നേഹം. മറ്റുള്ളവർക്ക്പോലും ഇത് മനസ്സിലാ കുന്നു. ഇദ്ദേഹത്തിന്റെ മുമ്പാകെ തിരുനബിയെ അപമാനിച്ചു സംസാരി ക്കാൻ പാടില്ല എന്നവർ തിരിച്ചറിയുന്നു. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام തന്റെ പ്രവർത്തനത്തിലൂടെയും പ്രഭാഷണങ്ങളിലൂടെയും രചനയിലൂടെ യും യഥാർത്ഥ പ്രവാചകസ്നേഹം എന്താണെന്ന് ലോകത്തിന്റെ മുമ്പാ കെ സമർപ്പിക്കുകയുണ്ടായി. അതോടൊപ്പം തന്റെ ജമാഅത്തിൽ ഈ ഒരാത്മാവ് ഊതുകയും ചെയ്തു. പ്രവാചക സ്നേഹം പ്രകടിപ്പിക്കേണ്ടത് നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ടായിരിക്കണം. എന്തും ചെയ്യാം അതെല്ലാം നിയമപരിധിക്കുള്ളിൽ നിന്ന്കൊണ്ട് മാത്രം ചെയ്യുക.

തരുനബി ﷺ ക്കെതിരിൽ ഹൃദയഭേദകമായ ഒരു പുസ്തകം ഒരു ആര്യസമാജിക്കാരൻ എഴുതുകയുണ്ടായി. വർത്തമാൻ എന്ന മാസിക യിൽ ഇതുപോലുള്ള ഒരു ലേഖനവും പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി رضي الله عنه ഇതിന്നെതിരിൽ കഴിവിന്റെ പരമാവധി പ്രവർത്തിച്ചു. അതോടൊപ്പം ഉപദേശിച്ചത് മുസ്‌ലിംകൾ തിരു നബി ﷺ യുടെ അഭിമാനം സംരക്ഷിക്കുന്നതിന് തങ്ങളുടെ വികാരം

പ്രകടിപ്പിക്കുന്നതോടൊപ്പം തന്നെ ഓരോ മുസ്‌ലിമും ആത്മ നിയന്ത്രണ മുള്ളവരാണെന്നും അത് അവനെ കീഴ്‌പ്പെടുത്തുകയില്ലെന്നുംകൂടി കാണിച്ചുകൊടുക്കുകയും ചെയ്യുക എന്നാണ്. മുസ്‌ലിംകൾ ഈ ഒരു മാതൃക കാണിക്കുകയാണെങ്കിൽ ഇസ്‌ലാമിക വൈരികൾ മൈതാനം വിട്ട് സ്വയം ഓടി അകലുന്നതാണ്. ഈ സന്ദർഭത്തിൽ ഒരു പോസ്റ്റർ അദ്ദേഹം പ്രസിദ്ധീകരിച്ചിരുന്നു. അതിലെ വാക്കുകൾ കണ്ടാൽതന്നെ ഏതുരീതിയിലുള്ള വികാരമാണ് അദ്ദേഹം പ്രകടിപ്പിച്ചതെന്ന് മനസ്സിലാകുന്നതാണ്. മുസ്‌ലിംകളേയും അവരുടെ ശക്തമായ പ്രതിഷേധം പ്രകടിപ്പിക്കാൻ പ്രേരപ്പിക്കുകയുണ്ടായി. ഇതിൽ പറയുന്നു.

‘‘ഇസ്‌ലാമിന്ന് ഇതിനേക്കാളും വലിയ വിപത്തിന്റെ നാളുകൾ ഇനിയും വരാനുണ്ടോ? നമ്മുടെ നിസ്സഹായ ഇതിനെക്കാളും വ്യക്തമായ രീതിയിൽ ഇനി പ്രകടമാകാനുണ്ടോ? നാം റസൂൽ തിരുമേനി ﷺ യെ സർവാത്മനാ സ്നേഹിക്കുന്നുണ്ടെന്ന് നമ്മുടെ അയൽവാസികൾക്കറിയില്ലെ? നമ്മുടെ ശരീരത്തിന്റെ ഓരോ അംശവും തന്നെ പരിശുദ്ധരുടെ നേതാവായ ആ പ്രവാചകന്റെ കാലിലെ ചെരുപ്പിന്റെ മൺതരിയിൽ പോലും തെണ്ടമാക്കുന്നവരാണ് നാം. അവർക്കിതറിയാണെങ്കിൽ ഇവ്വിധമുള്ള പ്രസിദ്ധീകരണങ്ങൾ മുഖേന നമ്മുടെ ഹൃദയത്തെ മുറിവേൽപ്പിക്കുക എന്ന ലക്ഷ്യമല്ലാതെ മറ്റെന്ത് നേടാനാണ്? നമ്മുടെ നെഞ്ച് പിളർത്തുകയും നമ്മുടെ നിന്ദ്യതയേയും നിസ്സഹായതയേയും അതിക്രൂരമായ രീതിയിൽ നമ്മുടെ മുമ്പാകെ സമർപ്പിക്കുകയും ചെയ്യുക എന്നല്ലാതെ മറ്റെന്താണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. മുസ്‌ലിംകളെ വേദനിപ്പിക്കാൻ ഇവർക്ക് മറ്റ് മാർഗ്ഗമൊന്നും ലഭിച്ചിട്ടില്ലെ എന്ന് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഞങ്ങളുടെ ജീവൻ ഇതാ തയ്യാറാണ്. ഞങ്ങളുടെ മക്കളുടെ ജീവൻ ഇതിന് തയ്യാറാണ്. ഞങ്ങളെ എത്രവേണമെങ്കിലും നിങ്ങൾ വേദനിപ്പിച്ചുകൊള്ളുക. എന്നാൽ അല്ലാഹുവിന്ന് വേണ്ടി പ്രവാചക നേതാവിനെ അവഹേളിച്ചുകൊണ്ട് നിങ്ങളുടെ ദുൻയാവും പരലോകവും നശിപ്പിക്കാതിരിക്കുക. അദ്ദേഹത്തെ എതിർക്കുന്നവരോട് ഞങ്ങൾക്കും മൈത്രിയിൽ കഴിയാൻ സാധ്യമല്ല. ഞങ്ങൾ പലവുരു വ്യക്തമാക്കിയതാണ്. വീണ്ടും ഒന്നുകൂടി വ്യക്തമാക്കുന്നു. വനാന്തരങ്ങളിലെ വന്യമൃഗങ്ങളോടും കാട്ടിലെ സർപ്പങ്ങളോടും ഞങ്ങൾക്ക് മൈത്രിയിൽ കഴിയാമെങ്കിലും റസൂൽ തിരുമേനി ﷺ യെ ചീത്ത പറയുന്നവരോട് ഞങ്ങൾക്ക് മൈത്രി ഭാവത്തിൽ വർത്തിക്കാൻ സാധ്യമല്ല. നിയമത്തിന്റെ തണലിൽ എന്തുവേണമെങ്കിലും ഇവർ ചെയ്യട്ടെ. പഞ്ചാബ് ഹൈകോർട്ടിന്റെ ഇപ്പോഴത്തെ നിയമത്തിന്റെ തണലിൽ (അന്ന് മുസ്‌ലിംകൾക്കെതിരിൽ ഒരു നിയമം വന്നിരുന്നു) തിരുനബിയെ ആക്ഷേപിച്ചാലും അവർ ഓർത്തിരിക്കേണ്ടത് ഗവൺമെന്റിന്റെ നിയമത്തേക്കാളും ഉന്നതമായ ഒരു നിയമംകൂടി ഉണ്ടെന്നാണ്. അത് ദൈവം നിർമ്മിച്ച പ്രകൃതി നിയമമാണ്. ഗവൺമെന്റിന്റെ വിധി മുഖേന തങ്ങളുടെ ശക്തി ഉപയോഗിച്ച് അവർക്ക് രക്ഷപ്പെടാമെങ്കിലും ദൈവവിധിയിൽ നിന്നും അവർക്ക് രക്ഷപ്പെടാൻ സാധ്യമല്ല. ദൈവികവിധി സുനിശ്ചിതമാണ്. അത് മാറ്റിമറിക്കപ്പെടില്ല. ഞങ്ങൾ അതിരറ്റ് സ്നേഹിക്കുന്ന വ്യക്തിയെ ചീത്ത പറഞ്ഞുകൊണ്ട് ഞങ്ങളോട് ആർക്കും തന്നെ സ്നേഹവും മൈത്രിയും പ്രതീക്ഷിക്കാൻ കഴിയുന്നതല്ല.

ഇതിനുശേഷം ഇന്ത്യയിൽ നിയമത്തിൽ മാറ്റം വരികയുണ്ടായി. പ്രവാചകന്മാരേയും മതഗുരുക്കന്മാരേയും അവഹേളിക്കുന്നതും നിന്ദിക്കുന്നതും വിലക്കുകയുണ്ടായി.

അഹ്‌മദിയ്യാ ചരിത്രം നാം നോക്കുമ്പോൾ ഇന്നേക്ക് ഇരുപത്തഞ്ച് വർഷം മുമ്പ് സൽമാൻ റുഷ്ദി തന്റെ നിർലജ്ജമായ ഗ്രന്ഥം ഇറക്കിയപ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ അതിന്ന് മറുപടി നൽകുകയുണ്ടായി. ഖുത്ബുബകളിലും പുസ്തകരൂപത്തിലും അത് പ്രസിദ്ധമായി. ഇംഗ്ലീഷിൽ അതിന്റെ മറുപടി പ്രസിദ്ധീകരിച്ചിട്ടുണ്ട്. അത് ഇപ്പോൾ ഉറുദുവിലും ലഭ്യമാണ്. അതിന്റെ പേര് സൽമാൻ റുഷ്ദി ഭൂത്തൊം കസേവ എന്നാണ്.

2005 ഡൻമാർക്കിൽ തിരുനബിയെക്കുറിച്ച് നിന്ദ്യമായ കാർട്ടൂൺ പ്രസിദ്ധീകരിച്ചപ്പോൾ ഡൻമാർക്ക് മിഷനും ഞാനും ഖുത്ബുബകളിൽ അതിന് മറുപടി നൽകി. നിയമപരിധിയിൽ നിന്ന്കൊണ്ട് പ്രതികരിക്കുകയും ചെയ്തു. വിശുദ്ധ ഖുർആൻ ആക്രമിക്കപ്പെട്ടപ്പോൾ, ഇസ്‌ലാം ആക്രമിക്കപ്പെട്ടപ്പോൾ, ഹോലണ്ടിലെ മെമ്പർ ഓഫ് പാർലമെന്റ് ഇസ്‌ലാമിനെതിരിൽ ശബ്ദിച്ചപ്പോൾ അതിനും മറുപടി നൽകുകയുണ്ടായി. നിയമപരിധിയിൽ നിന്നുകൊണ്ട് നമ്മുടെ പ്രതിഷേധം അറിയിക്കേണ്ടത് ഒരു യഥാർത്ഥ വിശ്വാസിയുടെ സമ്പത്താണ്. നിയമലംഘനം നടത്തിക്കൊണ്ട് നാം എന്തുതന്നെ ചെയ്താലും അത് തിരുനബിയോടുള്ള ആത്മാർത്ഥ സ്നേഹ പ്രകടനമായിരിക്കില്ല. ഈ സ്നേഹത്തെ നിലനിറുത്തുന്നത് യഥാർത്ഥത്തിൽ തിരുനബിയുടെ സന്ദേശമാണ്. മുസ്‌ലിംകൾ ഈ സന്ദേശത്തിന്റെ പൊരുൾ മനസ്സിലാക്കിക്കൊണ്ട്, ഈ മനോഹര സന്ദേശത്തെ എത്തിക്കുന്നതിന് പരിശ്രമിക്കുകയാണെങ്കിൽ ഇന്നുള്ള ദുരവസ്ഥ വരുമായിരുന്നില്ല. ഈ പ്രവാചകൻ ﷺ യുടെ മാതൃകയെ പിൻപറ്റിയിരുന്നെങ്കിൽ ശത്രുവിന്റെ വായ സ്വയം അടഞ്ഞുപോകുമായിരുന്നു. ചില തൽപര കക്ഷികൾ നിയമത്തിന്റെ മറവിൽ മുസ്‌ലിംകളെ ദുരുപയോഗം ചെയ്യുകയാണെങ്കിൽ തന്നെ നിയമം അവരെ കുറ്റവാളികളായി വിധിച്ചുകൊണ്ട് അവരുടെ ഈ ലക്ഷ്യം തകർത്തെറിയുന്നതാണ്. എന്നാൽ ഈ പ്രവർത്തനമഖിലവും തഖ്‌വയുമായി ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ട് മുസ്‌ലിംകൾ പ്രവാചകന്റെ അഭിമാനം കാത്തുസൂക്ഷിക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ റസൂൽ ﷺ നമ്മിൽ നിലനാട്ടാൻ ലക്ഷ്യമാക്കിയ ആ തഖ്‌വ എവിടെയാണെന്ന് അന്വേഷിക്കുക.

അഹ്‌മദിയ്യാ ജമാഅത്തിന്റെ ചരിത്രത്തിൽ റസൂൽ തിരുമേനിയോടുള്ള സ്നേഹപ്രകടവുമായി ബന്ധപ്പെട്ട സംഭവങ്ങൾ നിറഞ്ഞുകിടക്കുന്നു. ഒരു ഖുത്ബുബ എന്നല്ല കുറച്ച് ഖുത്ബുബകൾപോലും അത് വിവരിക്കാൻ മതിയാകുന്നതല്ല. നാം ഇസ്‌ലാമിനെയും തിരുനബി ﷺ ന്റെ വ്യക്തിത്വത്തേയും എല്ലാതരം ആക്ഷേപങ്ങളിൽ നിന്നും പരിഹാസങ്ങളിൽ നിന്നും മുക്തമാക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അതിന് ഏതെങ്കിലും ഭൗതിക നിയമം പാസ്സാക്കിയത്കൊണ്ട് കാര്യമായില്ല. ലോകരെ തിരുനബി ﷺ യുടെ പാദാകക്കുകീഴിൽ കൊണ്ടുവരികയാണ് വേണ്ടത്. ലോകത്തുള്ള കുഴപ്പം ഇല്ലാതായിത്തീരുന്നത് തിരുദൂതരുടെ സ്വച്ഛമായ അധ്യാപനങ്ങളെ തമ്മിൽ നടപ്പിൽ വരുത്തുമ്പോഴാണ്, ലോകരെ തിരുദൂതരുടെ പദാകക്കുകീഴെ കൊണ്ടുവരുമ്പോഴാണ്. എന്നാൽ നിയമമുണ്ടാക്കി നമ്മുടെ താൽപര്യങ്ങൾ നേടിയെടുക്കാൻ അതിനെ മറയാക്കുകയാണെങ്കിൽ നാമും പ്രവാചകനിന്ദ ചെയ്യുന്നവരിൽ ഉൾപ്പെടുന്നതാണ്. വർത്തമാൻ എന്ന മാസികയെക്കുറിച്ച് ഞാൻ പറഞ്ഞു. ഖലീഫത്തുൽ മസീഹ് സാനി ഇതിന്നെതിരിൽ പ്രതിഷേധിക്കാൻ മുസ്‌ലിംകളോട് പറഞ്ഞിരുന്നു. മുസ്‌ലിംകൾ എല്ലാവരും ശക്തമായി അതിനെ പ്രതിഷേധിച്ചു. അതിന്റെ പേരിൽ കോടതിയിൽ കേസ്സും നടന്നു. അവസാനം കുറ്റവാളി ശിക്ഷിക്കപ്പെട്ടു. അയാൾക്കെതിരിൽ വിധി വന്നപ്പോൾ ഖലീഫത്തുൽ മസീഹ് സാനി رضي الله عنه പറഞ്ഞു. ഈ പറഞ്ഞത് തികച്ചും സത്യം തന്നെയാണ്.

‘‘എന്റെ യജമാനൻ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ യുടെ അഭിമാനത്തിന് ഏതെങ്കിലും ഒരു സംഘടനയെ നിരോധിച്ചതുകൊണ്ടോ വ്യക്തിയെ വധിച്ചതുകൊണ്ടോ പകരമാകുന്നതല്ല. എന്റെ യജമാനൻ ലോകത്ത് ജീവൻ നൽകാനാണ് വന്നത്. അവരുടെ ജീവൻ എടുക്കാനല്ല.’’

ഇന്നും ഓരോ മുസ്‌ലിമും ഇക്കാര്യങ്ങൽ മനസ്സിലാക്കിയിരുന്നെങ്കിൽ. ഭൗതികനിയമം ഭൗതികകുഴപ്പങ്ങൾക്കുള്ള ചികിത്സയാണ്. അത് ഹൃദയത്തെ ചികിത്സിക്കാറില്ല. പ്രവാചക നിന്ദ എന്നത് ഫിത്നയാണോ അല്ലേ

എന്നുപോലും ഇന്ന് ചർച്ചാ വിഷയമാണ്. ഫിത്നയാണെങ്കിൽ തന്നെ നിയമത്തിന് അതിന്റെ ബാഹ്യമായ നിലയിൽ മാത്രമേ ഇടപെടാൻ സാധിക്കുകയുള്ളൂ. ഹൃദയങ്ങളിൽ തിരുനബി ﷺ യുടെ സ്നേഹം നിയുമ്പോഴാണ് ഒരു മുസ്‌ലിമിന്ന് യഥാർത്ഥ സന്തോഷം ഉണ്ടായിരിക്കേണ്ടത്.

ഇന്ന് അഹ്മദികളുടെ കർത്തവ്യം ഇതാണെന്നതിൽ സംശയമില്ല. ഇതിന്നായി നാം കഴിയും വിധം ശ്രമിക്കേണ്ടതാണ്. മറ്റു മുസ്‌ലീംകളും തീവ്രവാദം ഉപേക്ഷിച്ചുകൊണ്ട് പൊറുത്തുകൊടുക്കലിന്റെയും സ്നേഹത്തിന്റെയും പ്രകടനം കാഴ്ചവെക്കുകയാണെങ്കിൽ, റസൂൽ ﷺ കാണിച്ച മാതൃക പ്രകടിപ്പിക്കുകയാണെങ്കിൽ ഇത് തന്നെയായിരിക്കും ഇസ്‌ലാമിനോട് ചെയ്യുന്ന സേവനം.

ഇസ്‌ലാമിന്റെ രണ്ട് നിഷ്ഠൂര വൈരികൾ മക്കാ വിജയസമയത്ത് തിരുനബിയെ നശിപ്പിക്കാൻ തീരുമാനിച്ചിരുന്നു. എന്നാൽ മക്കാ വിജയത്തിന്റെ പ്രൗഢിയും പ്രതാപവും കണ്ടപ്പോൾ അവർ ഭയപ്പെട്ടു. അവർ ഉമ്മെഹാനി എന്ന സ്ത്രീയുടെ വീട്ടിൽ അഭയം തേടി. ഉമ്മെഹാനി അഭയം നൽകിയപ്പോൾ ഉമ്മെഹാനി തിരുനബിയുടെ സമക്ഷം ഹാജറായിക്കൊണ്ട് പറഞ്ഞു. ‘‘ഞാൻ രണ്ട്പേർക്ക് അഭയം നൽകിയിരിക്കുന്നു. എന്നാൽ എന്റെ സഹോദരൻ അലി പറയുന്നത് ഞാൻ അവരെ വധിക്കും എന്നാണ്. കാരണം അവർ യുദ്ധകുറ്റവാളികളാണ്.’’ തിരുനബി ﷺ പറഞ്ഞു. ‘‘ഉമ്മെഹാനീ ആർക്കാണോ നിങ്ങൾ അഭയം നൽകിയത് അവർക്ക് നാമും അഭയം നൽകിയിരിക്കുന്നു. അവരെ ഒന്നും ചെയ്യുന്നതല്ല.’’ ഈ അനുഭവത്തിനു ശേഷം ഈ ശത്രുക്കളുടെ മനസ്സിൽ വന്ന ചിന്ത ഇത്രമാത്രം കാരുണ്യം പ്രകടിപ്പിച്ച പ്രവാചകൻ നമുക്കെങ്ങിനെ മുഖം കാണിക്കാൻ സാധിക്കുന്നതാണ്. എന്നാൽ ഒരവസരത്തിൽ അവരിലൊരാൾ ഹാരിസ്ബ്നു ഹിശാം മസ്ജിദിന്നടുത്ത് വെച്ച് തിരുദൂതരെ കണ്ടപ്പോൾ കാരുണ്യത്തിന്റെ ആ പ്രവാചകൻ വാത്സല്യത്തോടെ അദ്ദേഹത്തോട് സംസാരിക്കുകയാണുണ്ടായത്. ഈ ഹാരിസ് പിന്നീട് യർമുഖ് യുദ്ധത്തിൽ ഇസ്‌ലാമിന്റെ പ്രതിരോധനിരയിൽ പോരാടി ശഹീദാകുകയുണ്ടായി. അത്കൊണ്ട് ഒരു സ്ത്രീയുടെ അഭയത്തിന്പോലും ഇത്രമാത്രം പ്രാധാന്യമാണ് തിരുദൂതർ നൽകിയത്. ഇതുകാരണം അവർ ഇസ്‌ലാമിന്റെ മടിത്തട്ടിൽ വരികയുണ്ടായി. ഈ മാതൃകയാണ് ഇന്നും നമുക്കാവശ്യം. ഇസ്‌ലാമിന്റെ യഥാർത്ഥ സന്ദേശം ലോകർക്കെത്തിച്ചുകൊടുക്കേണ്ട ആവശ്യമാണുള്ളത്. അതല്ലാതെ ഭൗതിക നിയമമുണ്ടാക്കി അതിന്റെ മറവിൽ തെറ്റായ നടപടികൾ എടുക്കുകയല്ല. *അല്ലാഹു നമുക്കും മറ്റ് മുസ്‌ലിംകൾക്കും ഇതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.*

## PRINTED BOOKS

**To**

**From**
**Incharge Khutba Section**
**Ahmadiyya Mission House**
**K.N.Road Karapparamba Calicut -10**

**HADHRAT MIRZA MASROOR AHMAD**
**KHALIFATUL MASIH - V**
**on 17 - 12 - 2010 at London**

**വിവർത്തനം**
എം. നാസിർ അഹ്മദ് കൊടിയത്തൂർ
മുബല്ലിഗ് എറണാകുളം, **PHONE : 9497343704**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kozhikode Published by : **Majlis Khuddamul Ahmadiyya, Kerala**